**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3866** **17-03-2025 - ൽ മറുപടിയ്ക്ക്**

**കുട്ടികൾക്കിടയിലെ കുറ്റകൃത്യങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുട്ടികൾക്കിടയിലെ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര കുട്ടികൾക്കെതിരെയാണ് സോഷ്യൽ ബാക്ക് ഗ്രൗണ്ട് റിപ്പോർട്ട് രജിസ്റ്റർ ചെയ്തിട്ടുള്ളത്; വർഷവും ജില്ലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | ബാലനീതി ആക്ട് 2015 വകുപ്പ് 2(12) പ്രകാരം പൂജ്യം മുതൽ 18 വയസ്സുവരെയുള്ളവരെയാണ് കുട്ടികൾ എന്ന് കണക്കാക്കുന്നത്. ഇതിനു പുറമേ, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ട് (Child in conflict with Law – CCL) ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടി (Child in Need of Care and Protection – CNCP) എന്നിങ്ങനെ രണ്ടു വിഭാഗത്തിലാണ് കുട്ടികളുടെ സംരക്ഷണം സമൂഹം ഏറ്റെടുക്കേണ്ടത്. ബാലനീതി ആക്ട് പ്രകാരം 18 വയസ്സുവരെയുള്ള ഏതൊരു കുട്ടിയും ദുരുദ്ദേശ്യത്തിലോ ക്രിമിനൽ ലക്ഷ്യത്തിലോ ചെയ്യുന്ന തെറ്റുകൾ തെളിയിക്കപ്പെടുന്നതുവരെ നിരപരാധി യായി മാത്രമേ അനുമാനിക്കാനാവൂ.<br><br>സോഷ്യൽ ബാക്ക് ഗ്രൗണ്ട് റിപ്പോർട്ട് പ്രകാരം പാർപ്പിച്ചിട്ടുള്ളവരുടെ കണക്കുകൾ വേർതിരിച്ച സൂക്ഷിച്ചിട്ടില്ല. |
| (ബി) | കൊലപാതക കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ട എത്ര പേർ കുട്ടികൾക്കുള്ള ജയിലുകളിൽ കഴിയുന്നുണ്ട്; കണക്ക് ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട കൊലപാതക കേസുകളുമായി ബന്ധപ്പെട്ട് നിലവിൽ 10 പേർ കുട്ടികൾക്കുള്ള ജുവനൈൽ ഹോമുകളിലും ദുർഗുണ പരിഹാര പാഠശാലകളിലും പ്രവേശിപ്പിക്കപ്പെട്ടിട്ടുണ്ട്. |
| (സി) | കുട്ടികൾക്കിടയിലെ കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) | സിനിമകൾ, വെബ് സീരീസുകൾ, ഓൺലൈൻ ഗെയിമുകൾ തുടങ്ങിയ മാധ്യമങ്ങളിൽ അമിതമായി ചിത്രീകരിക്ക പ്പെടുന്ന ഹിംസയും അക്രമവും യുവ |

തലമുറയെ ഗണ്യമായി സ്വാധീനിക്കുന്നു. ഇത് പലപ്പോഴും അവരെ അസ്വാഭാവിക മായ ജീവിത ശൈലിയിലേക്കും അപകട കരമായ തീരുമാനങ്ങളിലേക്കും കുറ്റകൃത്യ ങ്ങൾ, മാനസിക ആരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയവയിലേക്കും എത്തിക്കുന്നു. ഇത്തരം സ്വാധീനങ്ങളിലൂടെ കുട്ടികൾ ക്കിടയിൽ അക്രമ വാസന ഉടലെടുക്കുന്നതു തടയാൻ പോലീസ് വകുപ്പിനു കീഴിൽ നടപ്പിലാക്കി വരുന്ന ശിശു സൗഹൃദ പ്രോജക്ടുകളായ CHIRI, D-DAD, CAP, KOOTTU എന്നീ പദ്ധതികളിലൂടെ കൗൺസിലിംഗ് ആവശ്യപ്പെടുന്ന കുട്ടികൾക്ക് ആവശ്യ മായ കൗൺസിലിംഗ് നൽകി വരുന്നു. ഇത്തരം പദ്ധതികളെ സംബന്ധിക്കുന്ന വിവരങ്ങൾ അദ്ധ്യയന വർഷാരംഭത്തിൽ പ്രവേശനോത്സവത്തോടനുബന്ധിച്ച് കുട്ടികൾക്കിടയിൽ പ്രചരണം നടത്തുന്ന തിനും കുട്ടികളെ ബാധിക്കുന്ന വിവിധ വിഷയങ്ങളെ സംബന്ധിച്ച് അവബോധ വീഡിയോകൾ നിർമ്മിച്ച് പോലീസിന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ പരസ്യപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

സ്കൂൾ പരിസരങ്ങളിൽ ജുവനൈൽ കുറ്റകൃത്യങ്ങൾ തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ രൂപീകരിച്ച് നിയമ വിരുദ്ധ പ്രവർത്തനങ്ങളിൽ ഇരയാകുന്ന തിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചി ട്ടുണ്ട്. ഇതിനു പുറമേ കുട്ടികളുടെ സംരക്ഷണവും നിയമ പരിരക്ഷയും സർക്കാർ തലത്തിൽ ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാന സാമൂഹ്യ നീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, നിയമ വകുപ്പ്, എക്സൈസ് വകുപ്പ്, വനിത ശിശു വികസന വകുപ്പ്, ബാലാവകാശ കമ്മീഷൻ, ശിശുക്ഷേമ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് തുടങ്ങി വിവിധ കാര്യവാഹകരുമായി ചേർന്ന് കേരള പോലീസ് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കുട്ടികൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ലഹരി ഉപയോഗിച്ച ശേഷം കുറ്റകൃത്യങ്ങളിൽ പങ്കാളിയാകുന്നവർ ക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. മയക്കുമരുന്ന് വിൽപ്പനയും, ഉപയോഗവും തടയുന്നതിനായി കർമ്മ പദ്ധതികൾ പോലീസ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ആയത് ചുവടെ പറയുന്നു.

**<u>ബോധവത്ക്കരണ പരിപാടികൾ</u>**

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ നിരീക്ഷണം ശക്തമാക്കുന്നു. ലഹരിയുടെ ദൂഷ്യ വശങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ബോധവത്ക്കരണം നൽകുന്നു. ലഹരി ഉപയോഗത്തിനെതിരെ പോലീസ് ഡ്രാമ ആൻഡ് ഓർക്കസ്ട്ര ടീം മുഖേന ഷോകൾ സംഘടിപ്പിക്കുന്നു.

**പ്രത്യേക കർമ്മ പദ്ധതികൾ**

"**യോദ്ധാവ്**" എന്ന പദ്ധതിയിലൂടെ ലഹരി ഉപയോഗവും വിതരണവും തടയാനായി കേരളാ പോലീസും സർക്കാരും സംയുക്തമായി പ്രവർത്തിക്കുന്നു. "**ഡി ഹണ്ട്**" എന്ന് പദ്ധതിയിലൂടെ ലഹരി മരുന്ന് മാഫിയകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നു.

**സഹായ സംവിധാനങ്ങൾ**

ലഹരി ഉപയോഗത്തെക്കുറിച്ചുള്ള വിവരങ്ങൾ അറിയിക്കാൻ യോദ്ധാവിന്റെ (9995966666) വാട്സ്ആപ് നമ്പർ പോലീസ് ലഭ്യമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലും ജില്ലാ പോലീസ് മേധാവിയുടെ കീഴിൽ ഡിസ്ട്രിക്റ്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് രൂപീകരിച്ചു. ഇവരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്ന തിനും മേൽനോട്ടം വഹിക്കുന്നതിനുമായി എ.ഡി.ജി.പി. (L&O) യെ നോഡൽ ഓഫീസറാക്കി ANTF രൂപീകരിച്ചിട്ടുണ്ട്.

**നോ ടു ഡ്രഗ്സ് ക്യാമ്പയിൻ**

വിദ്യാർത്ഥികൾക്കിടയിലെ മയക്കുമരുന്ന് ഉപയോഗം തടയുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് നോ ടു ഡ്രഗ്സ് ക്യാമ്പയിൻ. ഈ ക്യാമ്പയിന്റെ ഭാഗമായി വിവിധ ബോധവത്ക്കരണ ക്ലാസ്സുകളും മറ്റു പരിപാടികളും കേരളാ പോലീസ് നടത്തുന്നുണ്ട്.

**ക്ലിയർ ക്യാമ്പസ് സേഫ് ക്യാമ്പസ്**

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി ഉപയോഗം തടയുന്നതിനായി കേരളാ പോലീസ് ആവിഷ്കരിച്ച പദ്ധതിയാണ് ക്ലിയർ ക്യാമ്പസ് സേഫ് ക്യാമ്പസ്.

**ഡാൻസാഫ് (District Anti-Narcotics Special Action Force)**

ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന ഈ വിഭാഗം മയക്കുമരുന്ന് കടത്ത്, വിപണനം എന്നിവ

തടയുന്നതിനായി പ്രത്യേക പരിശോധനകൾ നടത്തുന്നു.

**ജനമൈത്രി സുരക്ഷാ പദ്ധതി :**

ജനങ്ങളുമായി സഹകരിച്ച് മയക്ക മരുന്ന് ഉപയോഗവും വിപണനവും തടയാൻ പോലീസ് നടത്തുന്ന പ്രവർത്തനങ്ങളാണ് ജനമൈത്രി സുരക്ഷാ പദ്ധതി.

**എസ്.പി.സി. പദ്ധതി :**

എസ്.പി.സി. പദ്ധതിയുടെ കമ്മ്യൂണിറ്റി പ്രൊജക്ടായ SPC Against Addiction എന്നതിൽ ഉൾപ്പെടുത്തി കേരളത്തിൽ ആകമാനമുള്ള എസ്.പി.സി. കേഡറ്റുകളുടെ നേതൃത്വത്തിൽ വിദ്യാർത്ഥി കളിലെ മദ്യം, മയക്കമരുന്ന് ഉപയോഗം തടയുന്നതിനും അക്രമ വാസനകൾ നിരുത്സാഹപ്പെടുത്തുന്നതിനും, ആവശ്യമായ ബോധവത്ക്കരണ ക്ലാസ്സുകളും അനുബന്ധം പ്രവർത്തനങ്ങളും നടത്തി വരുന്നു. ഇതുകൂടാതെ, മയക്ക മരുന്ന് ഉപയോഗിക്കുന്നവരെയും വിൽക്കുന്ന വരെയും കുറിച്ചുള്ള വിവരങ്ങൾ പോലീസിനെ അറിയിക്കുന്നതിനായി വിവിധ സംവിധാനങ്ങൾ പോലീസ് ഒരുക്കിയിട്ടുണ്ട്. ലഹരി ഉപയോഗം മൂലമുണ്ടാകുന്ന അതിക്രമങ്ങൾ തടയാൻ പോലീസിനോടൊപ്പം പൊതുജനങ്ങളുടെ സഹായവും ആവശ്യമാണ്. വിവിധ ജില്ലകളിൽ പോലീസ് നടത്തുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ മാധ്യമങ്ങളിൽ ലഭ്യമാക്കി പൊതുജന പങ്കാളിത്തം ഉറപ്പ വരുത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ